വാല്യം 2, ലക്കം 3, ജൂലൈ 2026

# ബാംബൂ ഇൻഫോ

## ബി ടി എസ് ജി - കെ എഫ് ആർ ഐ യിൽ നിന്നുള്ള ത്രൈമാസ വാർത്താക്കുറിപ്പ്






**പരിശീലനത്തിൽ നിന്ന് സംരംഭകത്വത്തിലേക്ക്: ഐ.സി.എ.ആർ– സി.എ.എഫ്.ആർ.ഐയിലെ മുള അധിഷ്ഠിത സംരംഭകത്വ വികസന പരിപാടി:** മുള അധിഷ്ഠിത ഉപജീവനവും സംരംഭ വികസനവും ശക്തിപ്പെടുത്തുന്നതിനായി ഐ.സി.എ.ആർ-സി.എ.എഫ്.ആർ.ഐ വിവിധ നൈപുണ്യ വികസനസംരംഭകത്വ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

### ബാംബൂ ബസാർ

മുള ഉൽപ്പന്നങ്ങൾ, അസംസ്കൃത മുള, മുള ഉപയോഗിച്ച് നിർമ്മിച്ച കരകൗശല വസ്തുക്കൾ എന്നിവ വാങ്ങുന്നതിനും വിൽക്കുന്നതിനും സഹായിക്കുന്ന ഒരു പരമ്പരാഗത വിപണിയാണ് ബാംബൂ ബസാർ. കരകൗശല പ്രവർത്തകർ, സംരംഭകർ, സ്വയംസഹായ സംഘങ്ങൾ എന്നിവർ തങ്ങൾ നിർമ്മിക്കുന്ന മൂല്യവർധിത മുള ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിൽക്കാനും ഇത് ഒരു മികച്ച വേദിയായി പ്രവർത്തിക്കുന്നു. ഇതിലൂടെ അവരുടെ സർഗാത്മകതയും നൈപുണ്യവും പ്രോത്സാഹിപ്പിക്കപ്പെടുകയും സുസ്ഥിര ഉപജീവന മാർഗങ്ങൾ ശക്തിപ്പെടുകയും ചെയ്യുന്നു.

# എഡിറ്റേഴ്സ് ഡെസ്ക്

പ്രിയ വായനക്കാരെ,

മുളയുമായി ബന്ധപ്പെട്ട വൈവിദ്ധ്യമാർന്ന വിഷയങ്ങൾ കൈമാറുവാൻ ഉദ്ദേശിച്ചിട്ടുള്ള 'ബാംബൂ ഇൻഫോ' ന്യൂസ്‌ലെറ്ററിന്റെ രണ്ടാം വാല്യത്തിലെ മൂന്നാം ലക്കത്തിലേക്ക് ഏവർക്കും സ്വാഗതം!

ഈ പതിപ്പിലെ ബാംബൂ ഇൻഫോയിൽ, മുള മേഖലയുമായി ബന്ധപ്പെട്ട ലേഖനങ്ങളും ഫീൽഡ് അനുഭവങ്ങളും പുതിയ വിശേഷങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ബുണ്ടേൽഖണ്ഡിലെ മുള എന്ന പ്രസിദ്ധീകരണത്തിന്റെ പരിചയപ്പെടുത്തലും, ക്രോണിക്കിൾസ് വിഭാഗത്തിൽ 'പരിശീലനത്തിൽ നിന്ന് സംരംഭകത്വത്തിലേക്ക്: ഐ.സി.എ.ആർ–സി.എ.എഫ്.ആർ.ഐ.യിലെ മുള അധിഷ്ഠിത സംരംഭകത്വ വികസന പരിപാടി' എന്ന ലേഖനവും ഈ പതിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കൂടാതെ, ഈ പതിപ്പിൽ മുള മേഖലയിലെ പ്രധാന വാർത്തകളും പുതുമകളും, ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രവർത്തനങ്ങളുടെ വിശേഷങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള വനഗവേഷണ സ്ഥാപനം കഴിഞ്ഞ നാൽപതു വർഷത്തിലേറെയായി മുളകളുമായി ബന്ധപെട്ടു നിരവധി ഗവേഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്താൽ പ്രവർത്തിക്കുന്ന ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അഥവാ ബി ടി എസ് ജി മുളകളുമായി ബന്ധപ്പെട്ട വൈവിധ്യ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഗവേഷകരുടെ കൂട്ടായ്മയാണ്. മുളകളുമായി ബന്ധപ്പെട്ട ഇനങ്ങൾ, നഴ്സ്സറി, കൃഷിരീതികൾ, സംസ്കരണം, ഉപയോഗവുമായി ബന്ധപ്പെട്ട ഡിസൈനുകൾ, വാർത്തകൾ, പരിശീലന പരിപാടികളുടെ വിവരങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങൾ 'ബാംബൂ ഇൻഫോ' ന്യൂസ്‌ലെറ്റർ നിങ്ങളിലേക്ക് എത്തിക്കുന്നതായിരിക്കും.

ഈ കൂട്ടായ്മയിൽ നിങ്ങൾക്കും പങ്കാളികളാവാം. മുളയുമായി ബന്ധപ്പെട്ട നിങ്ങളുടെ അറിവുകളും, ആശയങ്ങളും ഞങ്ങളുമായി പങ്കുവെക്കുവാൻ താത്പര്യപ്പെടുന്നു.

ഞങ്ങളുടെ ഈ യാത്രയിൽ പങ്കാളികളാവുന്ന നിങ്ങൾക്കേവർക്കും നന്ദി.

**പത്രാധിപ സമിതി**
**ബാംബൂ ഇൻഫോ**

# നിർമാണ മേഖലയിലെ മുളയുടെ സാധ്യതകൾ

വീടുകളും മറ്റ് നിർമാണങ്ങളും നിർമ്മിക്കാൻ വളരെക്കാലമായി ഉപയോഗിച്ചുവരുന്ന പ്രകൃതിദത്ത വസ്തുവാണ് മുള. കുറഞ്ഞ ചെലവിൽ ലഭ്യമാകുന്നതും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാകുന്നതുമാണ് ഇതിന്റെ പ്രധാന സവിശേഷത. തറ, ചുവരുകൾ, മേൽക്കൂര, സീലിംഗ്, വാതിലുകൾ, ജനലുകൾ, ഫർണിച്ചർ തുടങ്ങി കെട്ടിട നിർമാണത്തിലെ വിവിധ ഘടകങ്ങൾ നിർമ്മിക്കാൻ മുള വ്യാപകമായി ഉപയോഗിക്കുന്നു. ഭാരം കുറഞ്ഞതും ശക്തിയേറിയതും എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ കഴിയുന്നതുമായതിനാൽ പ്രത്യേക വൈദഗ്ധ്യമില്ലാത്തവർക്കും മുള ഉപയോഗിച്ച് നിർമാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നു.

ലോകപ്രശസ്തമായ ഇൻഡോനേഷ്യയിലെ ഗ്രീൻ സ്കൂൾ, ബാലി, ചൈനയിലെ ഗ്രേറ്റ് വാൾ ബാംബൂ ഹൗസ് എന്നിവ മുള ഉപയോഗിച്ചുള്ള ശ്രദ്ധേയമായ നിർമാണങ്ങളാണ്. ഡെൻഡ്രോകാലാമസ് ആസ്പർ, ഗ്വാഡുവ അങ്കസ്റ്റിഫോളിയ, ഡെൻഡ്രോകാലാമസ് സ്ട്രിക്ടസ്, ബാംബൂസ ബാൽക്കോവ തുടങ്ങിയ ഇനങ്ങൾ നിർമാണ ആവശ്യങ്ങൾക്ക് വ്യാപകമായി ഉപയോഗിക്കുന്നു. ശരിയായ സംസ്കരണം നൽകിയാൽ മികച്ച ഈടുനിൽപ്പ് ലഭിക്കുന്ന മുള, സുസ്ഥിരമായ നിർമാണ മേഖലയുടെ ഭാവി നിർമാണ വസ്തുവായി മാറിക്കൊണ്ടിരിക്കുകയാണ്.

**വി ബി. ശ്രീകുമാർ**
**കോർഡിനേറ്റർ**
**ബിടിഎസ്ജി - കെഎഫ്ആർഐ**

**വി. അനിത**
**അസ്സോസിയേറ്റ് കോർഡിനേറ്റർ**
**ബിടിഎസ്ജി - കെഎഫ്ആർഐ**

# പരിശീലനത്തിൽ നിന്ന് സംരംഭകത്വത്തിലേക്ക്: ഐ.സി. എ.ആർ - സി.എ.എഫ്.ആർ.ഐയിലെ മുള അധിഷ്ഠിത സംരംഭകത്വ വികസന പരിപാടി

ഉത്തർപ്രദേശിലെയും മധ്യപ്രദേശിലെയും ജില്ലകൾ ഉൾപ്പെടുന്ന ബുണ്ടേൽഖണ്ഡ് മേഖല അർധ വരണ്ട കാലാവസ്ഥ, ക്രമരഹിതമായ മഴ, ജലസേചന സൗകര്യങ്ങളുടെ കുറവ്, മണ്ണിന്റെ ശോഷണം, ആവർത്തിച്ചുള്ള വരൾച്ച തുടങ്ങിയ വെല്ലുവിളികൾ നേരിടുന്ന പ്രദേശമാണ്. ഈ സാഹചര്യത്തിൽ വൈവിധ്യമാർന്ന പരിസ്ഥിതികളോട് പൊരുത്തപ്പെടാനുള്ള കഴിവും അതിവേഗ വളർച്ചയും വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനുള്ള സാധ്യതയും കാരണം മുള സുസ്ഥിര ഉപജീവനത്തിനുള്ള മികച്ച വിഭവമായി മാറിയിരിക്കുകയാണ്.

ബുണ്ടേൽഖണ്ഡിൽ വ്യാപകമായ മുളകൃഷി പരിമിതമായതിനാൽ, പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റാൻ അസം, ഒഡീഷ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് മുള എത്തിച്ചാണ് വ്യാപാരം നടക്കുന്നത്. വേലി നിർമ്മാണം, കെട്ടിട നിർമാണം, കാർഷിക ആവശ്യങ്ങൾ, കരകൗശല ഉൽപ്പന്നങ്ങൾ എന്നിവയ്ക്കായി മുള വ്യാപകമായി ഉപയോഗിക്കുന്നു. ഝാൻസി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ചെറുകിട വ്യാപാരികളും കരകൗശല പ്രവർത്തകരും മുളകൊണ്ട് കൊട്ടകൾ, പായകൾ, ഫർണിച്ചറുകൾ, അലങ്കാര വസ്തുക്കൾ, കാർഷിക ഉപകരണങ്ങൾ തുടങ്ങിയ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വിപണനം ചെയ്യുന്നു.

ബുണ്ടേൽഖണ്ഡിലെ മുളയുടെ സാധ്യതകൾ തിരിച്ചറിഞ്ഞ് ഐ.സി.എ.ആർ—സെൻട്രൽ അഗ്രോഫോറസ്ട്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ICAR-CAFRI), ഝാൻസിയിലെ ഇൻഡസ്ട്രിയൽ അഗ്രോഫോറസ്ട്രി കോംപ്ലക്സ് (IAC) മുള അധിഷ്ഠിത സംരംഭകത്വവും മൂല്യവർധനവും പ്രോത്സാഹിപ്പിക്കുന്ന പ്രധാന കേന്ദ്രമായി പ്രവർത്തിക്കുന്നു. കർഷകർ, ഗ്രാമീണ യുവാക്കൾ, വനിതാ സ്വയംസഹായ സംഘങ്ങൾ, സംരംഭകരാകാൻ ആഗ്രഹിക്കുന്നവർ എന്നിവർക്ക് മുള കൃഷി, പ്രജനനം, സംസ്കരണം, ഉൽപ്പന്ന വികസനം, മൂല്യവർധനം, സംരംഭകത്വ മാനേജ്മെന്റ്, വിപണി സാധ്യതകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകുന്നു.

മുള അധിഷ്ഠിത ഉപജീവനവും സംരംഭ വികസനവും ശക്തിപ്പെടുത്തുന്നതിനായി ഐ.സി. എ.ആർ-സി.എ.എഫ്.ആർ.ഐ വിവിധ നൈപുണ്യ വികസനസംരംഭകത്വ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. "മുള പ്രജനനവും സംസ്കരണവും" എന്ന വിഷയത്തെ ആസ്പദമാക്കിയ സംരംഭകത്വ വികസന പരിപാടി, ഗ്രാമീണ യുവാക്കൾക്കായുള്ള സംരംഭകത്വ പരിശീലനം, ഗ്രാമീണ യുവാക്കളുടെയും വനിതാ കൂട്ടായ്മകളുടെയും കാർഷികവനവൽക്കരണ സാങ്കേതികവിദ്യാ പരിശീലനം തുടങ്ങിയ പരിപാടികൾ വഴി മുളകൃഷി, പ്രോസസ്സിംഗ്, മൂല്യവർധനം, ബിസിനസ് ആസൂത്രണം, വിപണി സാധ്യതകൾ, കാർഷികവനവൽക്കരണ സംവിധാനങ്ങൾ എന്നിവയിൽ പരിശീലനം നൽകി.

ഈ പരിശീലനങ്ങൾ പങ്കെടുത്തവരുടെ സാങ്കേതിക വൈദഗ്ധ്യവും സംരംഭകത്വ കഴിവുകളും ഗണ്യമായി മെച്ചപ്പെടുത്തുകയും,





മുളയെ സാമ്പത്തികമായി പ്രയോജനകരവും സുസ്ഥിരവുമായ വിഭവമായി തിരിച്ചറിയാൻ സഹായിക്കുകയും ചെയ്തു. സാങ്കേതികവിദ്യയുടെ ഉപയോഗം, മൂല്യവർധനം, സ്വയംതൊഴിൽ, വരുമാന വൈവിധ്യവൽക്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ബുണ്ടേൽഖണ്ഡിൽ മുള അധിഷ്ഠിത ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഈ പദ്ധതികൾ വഴിയൊരുക്കി.

ഐ.എ.സി. വഴി ലഭിച്ച പ്രായോഗിക പരിശീലനവും തുടർച്ചയായ സാങ്കേതിക പിന്തുണയും മുളയുടെ സാമ്പത്തികപരിസ്ഥിതി ഗുണങ്ങളെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുകയും, പ്രാദേശികതലത്തിൽ മൂല്യവർധനയ്ക്കും വിപണനത്തിനുമുള്ള കഴിവുകൾ ശക്തിപ്പെടുത്തുകയും ചെയ്തു. പരിശീലനം നേടിയവരിൽ ഭൂരിഭാഗവും മുള അധിഷ്ഠിത സംരംഭകത്വത്തെ പ്രായോഗികമായ ഉപജീവന മാർഗമായി സ്വീകരിക്കാൻ താൽപര്യം പ്രകടിപ്പിച്ചു. മുളകൃഷി, പ്രജനനം, സംസ്കരണം, മൂല്യവർധനം, സംരംഭ വികസനം എന്നിവയിലെ പരിശീലനം അവരുടെ ആത്മവിശ്വാസവും സാങ്കേതിക അറിവും വർധിപ്പിച്ചതായും, സ്വന്തം കൃഷിയിടങ്ങളിൽ മുളയെ ഉൾപ്പെടുത്തി ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ തങ്ങൾ തയ്യാറാണെന്നും അവർ അഭിപ്രായപ്പെട്ടു.

ഈ പ്രവർത്തനങ്ങളിലൂടെ ഐ.സി.എ.ആർ സി.എ.എഫ്.ആർ.ഐയിലെ ഇൻഡസ്ട്രിയൽ അഗ്രോഫോറസ്ട്രി കോംപ്ലക്സ്, ബുണ്ടേൽഖണ്ഡിൽ മുള അധിഷ്ഠിത സാങ്കേതികവിദ്യയുടെ വ്യാപനം, സംരംഭകത്വ വികസനം, സുസ്ഥിര ഗ്രാമീണ ഉപജീവനം എന്നിവയ്ക്ക് ശക്തമായ പ്രചോദനകേന്ദ്രമായി മാറിയിരിക്കുകയാണ്.

**സുരേഷ് രമണൻ. എസ്, സാനിയ സയ്ദ്, എ. അരുണാചലം**

*ഐ.സി.എ.ആർ – സെൻട്രൽ അഗ്രോഫോറസ്ട്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ICAR-CAFRI), ഝാൻസി – 284003, ഉത്തർപ്രദേശ്*



## ബാംബൂ ക്വിൽ

# ബുണ്ടേൽഖണ്ഡിലെ മുളകൾ




അർധ വരണ്ട കാലാവസ്ഥയും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയും മണ്ണിന്റെ ശോഷണവും നേരിടുന്ന ഉത്തർപ്രദേശിലെയും മധ്യപ്രദേശിലെയും ബുണ്ടേൽഖണ്ഡ് മേഖലയ്ക്ക് കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ കഴിയുന്ന ഭൂവിനിയോഗ രീതികൾ ആവശ്യമാണ്. വ്യത്യസ്ത സാഹചര്യങ്ങളോട് എളുപ്പത്തിൽ പൊരുത്തപ്പെടാനുള്ള കഴിവും അതിവേഗ വളർച്ചയും കുറഞ്ഞ പരിപാലനച്ചെലവും കാരണം മുള ഈ മേഖലയ്ക്ക് ഏറ്റവും അനുയോജ്യമായ സസ്യമാണ്. കാർഷികവനവൽക്കരണ (Agroforestry) സംവിധാനത്തിൽ മുളയെ ഉൾപ്പെടുത്തുന്നതിലൂടെ പ്രാരംഭഘട്ടത്തിൽ വാർഷിക വിളകൾ കൃഷി ചെയ്യാനും ദീർഘകാല സാമ്പത്തിക നേട്ടം കൈവരിക്കാനും, മണ്ണും ജലവും സംരക്ഷിക്കാനും, കാർബൺ സംഭരണം വർധിപ്പിക്കാനും, ശോഷിച്ച ഭൂമിയുടെ പുനരുദ്ധാരണത്തിനും പരിസ്ഥിതി സേവനങ്ങൾ മെച്ചപ്പെടുത്താനും കഴിയും.

ഈ സാധ്യതകൾ തിരിച്ചറിഞ്ഞ് ഐ.സി.എ.ആർ – സെൻട്രൽ അഗ്രോഫോറസ്ട്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ICAR-CAFRI), ഝാൻസി 2014 മുതൽ മുള അധിഷ്ഠിത കാർഷികവനവൽക്കരണത്തിൽ ശാസ്ത്രീയ ഗവേഷണം നടത്തി വരുന്നു. വിവിധ മുള ഇനങ്ങളുടെ അനുയോജ്യത വിലയിരുത്തുന്നതിനും, പ്രജനന സാങ്കേതികവിദ്യകളും കൃഷിരീതികളും മെച്ചപ്പെടുത്തുന്നതിനും, ബുണ്ടേൽഖണ്ഡ് മേഖലയ്ക്ക് അനുയോജ്യമായ ശാസ്ത്രീയ ഉൽപ്പാദന മാതൃകകൾ വികസിപ്പിക്കുന്നതിനുമായി ദീർഘകാല പരീക്ഷണത്തോട്ടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെ ഗവേഷണഫലങ്ങൾ പ്രകാരം ഡെൻഡ്രോകാലാമസ് സ്ട്രിക്ടസ് (കല്ലൻമുള) അടിസ്ഥാനമാക്കിയുള്ള കാർഷികവനവൽക്കരണ സംവിധാനത്തിൽ എള്ള്, കടല തുടങ്ങിയ വിളകൾ സംയോജിപ്പിക്കുന്നത് ഭൂവിനിയോഗ കാര്യക്ഷമത വർധിപ്പിക്കുകയും, കാർബൺ സംഭരണം കൂട്ടുകയും, പരമ്പരാഗത ഏകവിള കൃഷിയേക്കാൾ ഉയർന്നതും സ്ഥിരതയുള്ളതുമായ സാമ്പത്തിക വരുമാനം നൽകുകയും ചെയ്യുന്നു. ഇതിലൂടെ ബുണ്ടേൽഖണ്ഡിൽ മുള അധിഷ്ഠിത കാർഷികവനവൽക്കരണം വ്യാപകമായി പ്രോത്സാഹിപ്പിക്കാനുള്ള ശക്തമായ ശാസ്ത്രീയ അടിത്തറ രൂപപ്പെട്ടു.

ഉയർന്ന നിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, കർഷക പരിശീലനം, മാതൃകാ കൃഷിത്തോട്ടങ്ങൾ, സാങ്കേതികവിദ്യ കൈമാറ്റം എന്നിവയിലൂടെ മുളയെ കാലാവസ്ഥാ സൗഹൃദവും സാമ്പത്തികമായി പ്രയോജനപ്രദവും പരിസ്ഥിതി സുസ്ഥിരവുമായ കാർഷികവനവൽക്കരണ ഘടകമായി ഐ.സി.എ.ആർ-സി.എ.എഫ്.ആർ.ഐ പ്രോത്സാഹിപ്പിച്ചുവരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ 'ബുണ്ടേൽഖണ്ഡിലെ മുളകൾ' എന്ന പുസ്തകം ഐ.സി.എ.ആർ സി.എ.എഫ്.ആർ.ഐ പ്രസിദ്ധീകരിച്ചു. മുള ഇനങ്ങളുടെ തിരഞ്ഞെടുപ്പ്, പ്രജനന സാങ്കേതികവിദ്യ, നഴ്സറി മാനേജ്മെന്റ്, തോട്ടം സ്ഥാപിക്കൽ, കാർഷികവനവൽക്കരണ മാതൃകകൾ, വിളകളുമായുള്ള അനുയോജ്യത, പരിപാലനം, മുളയുടെ വിവിധ ഉപയോഗങ്ങൾ, സാമ്പത്തിക സാധ്യതകൾ, കാലാവസ്ഥാ പ്രതിരോധശേഷിയുള്ള കൃഷിയിൽ മുളയുടെ പങ്ക് എന്നിവയെക്കുറിച്ചുള്ള സമഗ്രവും പ്രായോഗികവുമായ വിവരങ്ങൾ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗവേഷകർ, വിദ്യാർത്ഥികൾ, കാർഷിക വിപുലീകരണ പ്രവർത്തകർ, സംരംഭകർ, കർഷകർ എന്നിവർക്ക് ഒരു പ്രായോഗിക മാർഗ്ഗദർശിയായ ഈ പ്രസിദ്ധീകരണം, ബുണ്ടേൽഖണ്ഡിൽ മുള അധിഷ്ഠിത കാർഷികവനവൽക്കരണം വ്യാപിപ്പിക്കുന്നതിനും സുസ്ഥിര കാർഷിക വികസനത്തിനും പരിസ്ഥിതി പുനരുദ്ധാരണത്തിനും ഗ്രാമീണ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുപ്രധാന സംഭാവന നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

**സുരേഷ് രമണൻ. എസ്, സാനിയ സയ്ദ്, എ. അരുണാചലം**

*ഐ.സി.എ.ആർ – സെൻട്രൽ അഗ്രോഫോറസ്ട്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ICAR-CAFRI), ഝാൻസി – 284003, ഉത്തർപ്രദേശ്*



ഡെൻഡ്രോകാലാമസ് ബ്രാൻഡിസി: പൂവിടുന്ന ഘട്ടം



# ബാംബൂ ബീറ്റ്സ്

## ജാർഖണ്ഡ് മുള കരകൗശലത്തിന് ഭൂമിശാസ്ത്രപരമായ സൂചിക (GI) അംഗീകാരം

ജാർഖണ്ഡിലെ മുള കരകൗശലത്തിന് അഭിമാനകരമായ ഭൂമിശാസ്ത്രപരമായ സൂചിക (Geographical Indication – GI) അംഗീകാരം ലഭിച്ചു. സംസ്ഥാനത്തെ ഗ്രാമീണ കരകൗശല തൊഴിലാളികളുടെ തനതായ വൈദഗ്ധ്യത്തിനും പരമ്പരാഗത കരകൗശല പാരമ്പര്യത്തിനുമുള്ള അംഗീകാരമാണ് ഇത്. പ്രാദേശികമായി ലഭ്യമായ മുള ഉപയോഗിച്ച് വിവിധ ഉപയോക്തൃഅലങ്കാര ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതാണ് ജാർഖണ്ഡ് മുള കരകൗശലത്തിന്റെ പ്രത്യേകത.

ഈ GI അംഗീകാരം ജാർഖണ്ഡ് മുള കരകൗശലത്തിന് കൂടുതൽ അടിത്തറയും അംഗീകാരവും നൽകുന്നതോടൊപ്പം, കരകൗശല പ്രവർത്തകർക്ക് മികച്ച വിപണി അവസരങ്ങൾ സൃഷ്ടിക്കാനും മുള അധിഷ്ഠിത ഉപജീവന മാർഗങ്ങൾ ശക്തിപ്പെടുത്താനും സഹായിക്കും. കൂടാതെ, പ്രദേശത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും മുള അധിഷ്ഠിത സംരംഭങ്ങളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും ഇത് വഴിയൊരുക്കും.

നൈപുണ്യ വികസനം, രൂപകൽപ്പന, ക്ലസ്റ്റർ വികസനം, വിപണി ബന്ധങ്ങൾ, ബ്രാൻഡിംഗ് തുടങ്ങിയ മേഖലകളിൽ നടത്തിയ തുടർച്ചയായ പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ നേട്ടം കൈവരിച്ചത്. ഇത് സംസ്ഥാനത്തെ മുള മൂല്യശൃംഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും തദ്ദേശീയ ഉൽപ്പന്നങ്ങളെയും പരമ്പരാഗത കരകൗശലത്തെയും ദേശീയഅന്തർദേശീയ തലങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനും സഹായകമാകും.

## വനിതാ സ്വയംസഹായ സംഘങ്ങൾക്കായി മുള കരകൗശല പരിശീലനം സംഘടിപ്പിച്ച് CSIR-NEERI

CSIR–നാഷണൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CSIR-NEERI), നാഗ്പൂർ, ജൂൺ 16 മുതൽ 20 വരെ അഞ്ച് ദിവസത്തെ മുള കരകൗശല പരിശീലന പരിപാടി വനിതാ സ്വയംസഹായ സംഘങ്ങൾ (SHGs)ക്കായി സംഘടിപ്പിച്ചു. ‘Fly ash നിക്ഷേപകളിൽ വളർത്തിയ മുള ഉപയോഗിച്ചുള്ള കരകൗശലത്തിലൂടെ വനിതാ സ്വയംസഹായ സംഘങ്ങളുടെ ശാക്തീകരണം’ എന്ന ആശയത്തെ ആസ്പദമാക്കിയാണ് പരിശീലനം നടത്തിയത്.

മുള അധിഷ്ഠിത ഉപജീവന മാർഗങ്ങളിൽ സ്ത്രീകൾക്ക് പ്രായോഗിക വൈദഗ്ധ്യം നൽകുകയും, പുനരുദ്ധരിച്ച “Fly ash” നിക്ഷേപ പ്രദേശങ്ങളിൽ വളർത്തുന്ന മുളയുടെ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുകയുമാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. മുളയുടെ വിളവെടുപ്പ്, സംസ്കരണം, കരകൗശല ഉൽപ്പന്ന നിർമ്മാണം, മൂല്യവർധിത ഉൽപ്പന്ന വികസനം, ബ്രാൻഡിംഗ്, വിപണനം, സംരംഭകത്വം, ഉൽപ്പന്ന രൂപകൽപ്പന എന്നിവയിൽ പരിശീലനം നൽകുന്നു.

പുനരുദ്ധരിച്ച വ്യാവസായിക ഭൂമികളെ ഉൽപ്പാദനക്ഷമമായ മുളത്തോട്ടങ്ങളാക്കി മാറ്റുന്നതിലൂടെ പ്രാദേശിക സമൂഹങ്ങൾക്ക് വരുമാന മാർഗങ്ങൾ സൃഷ്ടിക്കാനും പരിസ്ഥിതി പുനരുദ്ധാരണത്തിനും സുസ്ഥിര വികസനത്തിനും പിന്തുണ നൽകാനും ഈ സംരംഭം ലക്ഷ്യമിടുന്നു.

## അരുണാചൽ പ്രദേശിൽ പുതിയ മുള – ചൂരൽ സാങ്കേതികവിദ്യാ കേന്ദ്രം ഉദ്ഘാടനം ചെയ്തു

അരുണാചൽ പ്രദേശ് ബഹു. മുഖ്യമന്ത്രി പെമ ഖണ്ഡു 2026 ജൂൺ 16ന് ഇറ്റാനഗറിന് സമീപമുള്ള ഗുങ്ഗുവിൽ അരുണാചൽ പ്രദേശ് മുളചൂരൽ സാങ്കേതികവിദ്യാ കേന്ദ്രം ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ സമൃദ്ധമായ മുള, ചൂരൽ വിഭവങ്ങളുടെ സുസ്ഥിര വികസനത്തിനും മൂല്യവർധിത ഉൽപ്പന്ന നിർമാണത്തിനും പ്രോത്സാഹനം നൽകുകയാണ് കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം.

ഉദ്ഘാടന ചടങ്ങിൽ സാമ്പത്തിക വളർച്ച, തൊഴിൽസൃഷ്ടി, സംരംഭകത്വ വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്ക് വലിയ സാധ്യതകളുള്ള വിലമതിക്കാനാവാത്ത പ്രകൃതി വിഭവമാണ് മുളയെന്ന് ബഹു. മുഖ്യമന്ത്രി പെമ ഖണ്ഡു വ്യക്തമാക്കി. ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ മുളയുടെ ഉപയോഗം പരമ്പരാഗത കരകൗശല മേഖലയിൽ മാത്രം ഒതുങ്ങാതെ ഫർണിച്ചർ നിർമ്മാണം, നിർമാണ മേഖല, വസ്ത്ര വ്യവസായം, ജൈവ ഇന്ധനം, വിമാന ഇന്ധന നിർമ്മാണം തുടങ്ങിയ വിവിധ മേഖലകളിലേക്ക് വ്യാപിച്ചിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പുതുതായി സ്ഥാപിച്ച ഈ കേന്ദ്രം കരകൗശല പ്രവർത്തകർ, സ്വയംസഹായ സംഘങ്ങൾ, സംരംഭകർ, യുവജനങ്ങൾ എന്നിവർക്ക് നൈപുണ്യ വികസനം, നവീകരണം, മൂല്യവർധിത മുളചൂരൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് അവസരമൊരുക്കുന്നതിലൂടെ അരുണാചൽ പ്രദേശിലെ മുള അധിഷ്ഠിത സമ്പദ്വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുമെന്നാണ് പ്രതീക്ഷ.

## കെ.എഫ്.ആർ.ഐ ഫീൽഡ് റിസർച്ച് സെന്റർ, വേലുപ്പാടത്ത് ലോക പരിസ്ഥിതി ദിനാചരണം



കെ.എഫ്.ആർ.ഐ ഫീൽഡ് റിസർച്ച് സെന്റർ, വേലുപ്പാടത്ത് ലോക പരിസ്ഥിതി ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. വേലുപ്പാടം സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മീന മദനൻ പരിപാടി ഉദ്ഘാടനം ചെയ്തു.

പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികൾ കേന്ദ്രത്തിലെ ബാംബുസെറ്റം സന്ദർശിക്കുകയും അവിടെ സംരക്ഷിച്ചുവരുന്ന വിവിധ ഇനം മുളകളെക്കുറിച്ച് പരിചയപ്പെടുകയും ചെയ്തു. കെ.എഫ്.ആർ.ഐയിലെ ശാസ്ത്രജ്ഞരും ജീവനക്കാരും മുളയുടെ പാരിസ്ഥിതികവും സാമ്പത്തികവുമായ പ്രാധാന്യവും പരിസ്ഥിതി സംരക്ഷണത്തിൽ അതിന്റെ നിർണായക പങ്കും വിശദീകരിച്ചു.

മുളയുടെ വിവിധ ഉപയോഗങ്ങളെക്കുറിച്ചും സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ ഒരു വിഭവമെന്ന നിലയിൽ അതിന്റെ സാധ്യതകളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് അവബോധം നൽകുകയും ചെയ്തു. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഹരിത ഭാവിക്കായി മുളയുടെ പ്രയോജനങ്ങളെക്കുറിച്ചും പുതുതലമുറയിൽ അവബോധം വളർത്താൻ ഈ പരിപാടി സഹായകമായി.

# ബാംബൂ ഇൻഫോ

**വാല്യം 2, ലക്കം 3**
**ജൂലൈ 2026**



***എഡിറ്റോറിയൽ ടീം***

ഡോ. കണ്ണൻ സി എസ് വാര്യർ
ഡോ. വി ബി ശ്രീകുമാർ
ഡോ. വി അനിത
ഡോ. സുമ അരുൺ ദേവ്
ഡോ. ആർ ജയരാജ്
ഡോ. എ വി രഘു
ഡോ. സന്ദീപ് എസ്
ഡോ. എം അമൃത്
ഡോ. സിൽജോ ജോസഫ്
ഡോ. ഡൊണാൾഡ് ജെയിംസ്
ഡോ. ശ്രീജിത്ത് കെ എ
ഡോ. വേബിൾ പവൻ ശ്യാംറാവു
ശ്രീ. അരുൺ വി ആർ

***ലേഔട്ട് & ഡിസൈൻ***

ശ്രീമതി. പ്രസീത എ പി


***കവർ ചിത്രം***

എഫ്.ആർ.സി. വേലുപ്പാടത്തെ ബാംബൂ ബസാർ

***ബാംബൂ ഇൻഫോയെ കുറിച്ച്***

ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ബിടിഎസ്ജി) - കെഎഫ്ആർഐയിൽ നിന്നുള്ള ത്രൈമാസ വാർത്താക്കുറിപ്പാണ് ബാംബൂ ഇൻഫോ. ഉള്ളടക്കങ്ങൾ ബിടിഎസ്ജി - കെഎഫ്ആർഐയുടെ വ്യക്തിപരമായ കാഴ്ചപ്പാടുകളോ നയങ്ങളോ പ്രതിഫലിപ്പിക്കണമെന്നില്ല. ബിടിഎസ്ജി - കെഎഫ്ആർഐക്കും രചയിതാവിനും ക്രെഡിറ്റ് നൽകിയാൽ, ലേഖനങ്ങൾ നിരക്ക് ഈടാക്കാതെ വീണ്ടും അച്ചടിക്കാവുന്നതാണ്. എല്ലാ ചിത്രങ്ങളിലും ബിടിഎസ്ജി - കെഎഫ്ആർഐയെ നിർബന്ധമായും അംഗീകാരം ചെയ്തിരിക്കണം.

***ബിടിഎസ്ജി - കെഎഫ്ആർഐയെ കുറിച്ച്***

കേന്ദ്ര സർക്കാരിന്റെ കീഴിലെ ദേശീയ മുള മിഷന്റെ ധനസഹായത്തോടു കൂടി കേരള വന ഗവേഷണ സ്ഥാപനത്തിൽ പ്രവർത്തിച്ചു വരുന്നതാണ് ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ബിടിഎസ്ജി - കെഎഫ്ആർഐ). വിവിധയിനം മുളയിനങ്ങൾ, അവയുടെ പ്ലാന്റേഷൻ, പ്രജനന മാർഗങ്ങൾ, സംസ്കരണം, വിപണനം, മുള മേഖലയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, അവയുടെ പരിശീലനം, കൂടാതെ വൈവിധ്യമാർന്ന ഉപയോഗങ്ങൾ, തുടങ്ങിയവയുമായി ബന്ധപ്പെട്ട് കർഷകർക്കും വിദ്യാർത്ഥികൾക്കും മറ്റ് സംരംഭകർക്കും വേണ്ട നിർദ്ദേശങ്ങൾ, വിവരങ്ങൾ എന്നിവ ബിടിഎസ്ജി - കെഎഫ്ആർഐ യിൽ നിന്നും ലഭിക്കുന്നതാണ്.


***ബന്ധപ്പെടേണ്ട വിലാസം***

***ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് - കെഎഫ്ആർഐ***
***കെഎസ്‌സിഎസ്ടിഇ - കേരള വന ഗവേഷണ സ്ഥാപനം***
***പീച്ചി 680 653, തൃശൂർ, കേരളം, ഇന്ത്യ***

0487-2690100
9446505286
btsg@kfri.res.in; btsgkfri@gmail.com
www.bambooinfo.in


National Bamboo Mission   KSCSTE   KFRI

**ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് - കെഎഫ്ആർഐ**
**www.bambooinfo.in @BTSG-KFRI**

© Copyright Bamboo Technical Support Group - KFRI. All Rights Reserved